പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

23.06.2014 ലെ അന്തിമ മറുപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3477

## നിയമസഭാ സാമാജികർ പോലീസ്സ്റ്റേഷനിൽ ഹാജരാകുന്നതിന് നോട്ടീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.എസ്.സലീഖ | ശ്രീ.രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ നിയമസഭാ സാമാജികരെ പോലീസ്സ്റ്റേഷനിലേയ്ക്ക് വിളിക്കേണ്ടതായി വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) രണ്ട് നിയമസഭാ സാമാജികരെ നിയമാനുസരണം വിളിക്കേണ്ടതായി വന്നിട്ടുണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം നിയമസഭാസാമാജികരെ ഏതെല്ലാം പോലീസ്സ്റ്റേഷനുകളിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ടു; ഏതെല്ലാം പോലീസുദ്യോഗസ്ഥർ പ്രസ്തുതജനപ്രതിനിധികൾക്ക് നോട്ടീസ് നൽകുകയുണ്ടായി; | (ബി) 1. ബഹു. ഉടുമ്പൻചോല എം.എൽ.എ. ശ്രീ. കെ.കെ. ജയചന്ദ്രനെ മൂന്നാർ പോലീസ് ഇൻസ്പെക്ടർ ഓഫീസിൽ ഹാജരാകുന്നതിന് നോട്ടീസ് നൽകിയിരുന്നു.<br><br>2.ബഹു. കണ്ണൂർ എം.എൽ.എ. ശ്രീ. എ.പി. അബ്ദുള്ളക്കുട്ടിയെ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ഹാജരാകുവാൻ നോട്ടീസ് നൽകിയിരുന്നു. |
| (സി) പ്രാഥമിക മൊഴിയെടുക്കലിന്റെ ഭാഗമായി നിയമസഭാസാമാജികരെ സ്റ്റേഷനിലേക്ക് നോട്ടീസ് അയച്ച് വിളിച്ചുവരുത്തുന്ന നടപടി നിയമാനുസൃതമാണോ; | (സി) അതെ |
| (ഡി) പോലീസ് കസ്റ്റഡിയിൽ എടുത്തവരെ വിട്ടയയ്ക്കാൻ പോലീസ്സ്റ്റേഷനുകളിൽ പോയതായി പറയപ്പെടുന്ന മന്ത്രിമാരടക്കമുള്ള കാബിനറ്റ്റാങ്കുള്ളവർ ആരെല്ലാം; കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ചതിന് ഇവരുടെ പേരിൽ കേസ്സ് എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഡി) ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻഓഫീസർ